# വിളിയും ദൌത്യവും

ലൂക്കാ 1:57-66

നമ്മുടെ കുടുംബജീവിതങ്ങളിൽ നമ്മൾതന്നെ അറിയാതെ പോവുന്ന ദൈവത്തിന്റെ ഇടപെടലുകളുടെ ഒരു വലിയ ഉദാഹരണമാണ് ഇന്നത്തെ സുവിശേഷ ഭാഗം. ആധുനികതയുടെ മലവെള്ളപാച്ചിലിൽ ഒരു ലക്ഷ്യവും ഇല്ലാതെ ആടിഉലഞ്ഞു പോവുന്ന നമ്മുടെ ജീവിതങ്ങൾക്ക് ദൈവത്തിന്റെ സ്നേഹ കരസ്പർശം പലപ്പോളും അനുഭവിക്കുവാൻ അല്ലെങ്കിൽ അറിയുവാൻ സാധിക്കുന്നില്ല. സ്ഥാപക യോഹന്നാന്റെ ജനനം പറയുന്ന ഈ സുവിശേഷഭാഗം വായിക്കുമ്പോൾ ഒരു കഥ വായിക്കുന്ന ലാഘവം മാത്രമേ നമുക്ക് തോന്നുകയുള്ളൂ എങ്കിലും ഒരുപാടു കാര്യങ്ങൾ സുവിശേഷകനിലൂടെ ദൈവം നമ്മളോട് സംസാരിക്കുന്നു...

'യോഹന്നാൻ' എന്ന വാക്കിന്റെ അർത്ഥം 'ദൈവം കരുണ കാണിച്ചു' എന്ന് ആണ്. മക്കൾ ഇല്ലാതിരുന്ന സക്കരിയയുടെയും എലിസബത്തിനോടും ദൈവം കരുണ കാണിച്ചു എന്നുള്ള കഥ മാത്രം അല്ല ഇവിടെ ഉള്ളത്,

പിന്നെയോ, മാനവ കുലത്തിന്റെ രക്ഷകനു വഴി ഒരുക്കാൻ വന്ന 'സ്നാപകയോഹന്നാൻ', ദൈവത്തിന്റെ കരുണയുടെ പ്രതിഫലനം കൂടി ആണ്. സമൂഹത്തിന്റെ മുന്നിൽ വന്ധ്യ എന്ന് വിളിക്കപെട്ടിരുന്ന എലിസബത്തിന് ദൈവം നൽകുന്ന വലിയ കരുണയാണ് സ്ഥാപക യോഹന്നാൻ. അതായതു, നമ്മുടെ കുഞ്ഞുങ്ങളും നമ്മളോട് ദൈവം കാണിച്ച കരുണയുടെ പ്രതിഫലനം ആണ്. ഈ കരുണയെ ആണ്, Abortion എന്ന പേരിൽ നാം പലപ്പോഴും തുടച്ചുകളയുന്നത്. രാജ്യങ്ങളും രാജ്യത്തിലെ നിയമങ്ങളും ഇന്ന് ജനനനിയന്ത്രണം ഏർപ്പെടുത്തുമ്പോഴും ദൈവം തരുന്നത് അത്രത്തോളം പോന്നോട്ടെ എന്ന് പറയുവാൻ സഭയെ പ്രേരിപ്പിക്കുന്നത് കുഞ്ഞുങ്ങൾ ദൈവത്തിന്റെ ദാനമാണ്, മനുഷ്യനോടുള്ള ദൈവത്തിന്റെ കരുണയാണ് എന്ന് പഠിപ്പിക്കുവാൻ ആണ്. സങ്കീർത്തനങ്ങളുടെ പുസ്തകത്തിൽ പറയുന്നു, "നിന്റെ ഭാര്യ ഭവനത്തിൽ ഫലസമൃദ്ധമായ മുന്തിരി പോലെ ആയിരിക്കും. നിന്റെ മക്കൾ മേശക്ക് ചുറ്റിലെ ഒലിവു തൈകൾ പോലെയും. കർത്താവിന്റെ ഭക്തൻ ഇപ്രകാരം അനുഗ്രഹിതൻ ആവും" (സങ്കീ. 128:3-4).

പല കുടുംബങ്ങളിലും പുതുതായി ഒരു കുഞ്ഞു ജനിച്ചാൽ തന്റെ ഇപ്പോൾ ഉള്ള കുഞ്ഞുങ്ങൾക്ക് സൗകര്യം പങ്കുവേക്കേണ്ടിവരും എന്ന് ചിന്തിക്കുന്നു. ഒന്ന് മാത്രം നമുക്ക് ഓർക്കാം. മനുഷ്യന്റെ ഈലോകജീവിതം അവിടുത്തെ കരുണയുടെ ഭാഗമാണ്. ദൈവം നമുക്ക് തന്ന

കാരുണ്യം എപ്പോൾ വേണമെങ്കിലും തിരിച്ചു എടുക്കാനുള്ള അവകാശം അവിടത്തേക്കു ഉണ്ട്. ഓരോ ക്രിസ്ത്യാനിയുടെയും ജീവിതം വചനത്തിൽ അധിഷ്ടിടിധം ആയിരിക്കണമല്ലോ. ജീവിതമാകുന്ന വചനപെട്ടിയിലെ ഓരോ വചനങ്ങൾ ആയിരിക്കണം നമ്മുടെ കുഞ്ഞുങ്ങൾ. ഈ കുഞ്ഞുങ്ങൾ ആയിരിക്കണം ഭാവിയിൽ ദൈവത്തിനു വേണ്ടി പ്രവർത്തിക്കേണ്ടത്. വരും തലമുറയ്ക്ക് വേണ്ടി നമ്മൾ നൽകുന്ന കയ്യൊപ്പ് ആണ് നമ്മുടെ കുഞ്ഞുങ്ങൾ. അവരുടെ വിശുദ്ധി. പ്രവർത്തി, ചിന്തകൾ എല്ലാം നമ്മോട് ദൈവം കാണിക്കുന്ന കാരുണ്യത്തിന് ഉത്തമ ഉദാഹരണം ആണ്. നമ്മുടെ കാലശേഷം കർത്താവിനു വഴി ഒരുക്കേണ്ട സ്നാപകദര ൗത്യം ആണ് ഓരോ കുഞ്ഞുങ്ങൾക്കും ഉള്ളത്.

അത് പോലെ വചനത്തിൽ നാം വായിക്കുന്നു, “കർത്താവു അവളോട് കാരുണ്യം കാണിച്ചിരിക്കുന്നു. ഇത് കേട്ട അയൽക്കാരും ബന്ധുക്കളും അവളോടൊത്ത് സന്തോഷിച്ചു” (ലൂക്ക 1:58).

അയൽക്കാരന്റെ സന്തോഷം നമ്മൾ എപ്പോഴെങ്കിലും ആഘോഷിക്കരുണ്ടോ ? നമ്മുടെ സമൂഹം പുരാതന കാലങ്ങളെ അപേക്ഷിച്ചു ഒരു പാട് മാറിയിരിക്കുന്നു.. കൂട്ട് കുടുംബങ്ങളിൽ നിന്നും മൈക്രോകുടുംബങ്ങളിലേക്ക്..മൈക്രോ കുടുംബങ്ങളിൽനിന്നും നിന്നും നാനോ കുടുംബങ്ങളിലേക്ക് മാറിയ നമ്മൾ കുടുംബബന്ധങ്ങളുടെ വില മറന്നു

പോയിരിക്കുന്നു. കർത്താവു നാഥനായ, കൂടുമ്പോൾ ഇമ്പം ഉള്ള്ള കുടുംബവും സമൂഹവും പടുത്തുയർത്താൻ ആണ് നമ്മൾ വിളിക്കപെട്ടിരിക്കുന്നത്. നല്ല അയൽക്കാരന്റെ ഉപമയിലൂടെയും കർത്താവു നമ്മളെ പഠിപ്പിക്കുന്നത് ഇതാണ്. എല്ലാം എനിക്ക് മാത്രം. എന്റെ കുടുംബത്തിന് മാത്രം എന്ന ചിന്ത ആണ് ഇവിടെ നമ്മൾ കൂടുതലും കാണുന്നത്. സ്നേഹത്തിനും സ്നേഹബന്ധത്തിനു ഒരു വിലയും കാണാതെ, പണത്തിനും സ്വത്തിനും പുറകെ പോവുന്ന സ്വാർത്ഥമതികളായ ജനങ്ങൾ അടങ്ങിയ ലോകം.

ദൈവം ആഗ്രഹിക്കുന്നത് ഇതല്ല. “നിന്നെപോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക” എന്ന് പറഞ്ഞ യേശുവിന്റെ അനുയായികൾ ആയ നാം മറ്റുള്ളവരുടെ സന്തോഷത്തിലും സന്താപത്തിലും പങ്കെടുക്കവാൻ ശ്രമിക്കണം… അയല്കാരന്റെ പ്രശ്നം നമ്മുടെയും പ്രശ്നം ആയി കാണുവാൻ ശ്രമിക്കുക.. അവിടുന്ന് വാഗ്ദാനം ചെയുന്നു.. “സത്യമായി നിങ്ങള്ട് ഞാൻ പറയുന്നു.. എന്റെ ഏറ്റവും ഈ എളിയ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് നിങ്ങൾ ചെയ്തത് (മത്തായി 25:40)”. നമ്മൾ മറ്റുള്ളവർക്ക് വേണ്ടി ചെയുമ്പോൾ ദൈവത്തിനു മുന്നിൽ നമുക്ക് വേണ്ടി ഒരു വലിയ നിക്ഷേപം കൂട്ടി വെക്കപെടും.. വിശ്വാസം ആഴപെടുത്തുവാൻ ദൈവം നൽകുന്ന ഒരു വലിയ അടയാളം കൂടിയാണ് സ്ഥാപക യോഹന്നാന്റെ

ജനനം. പുരോഹിതൻ ആയിരുന്നിട്ടും സക്കരിയാക്ക് ദൈവത്തിനോട് ആഴത്തിൽ ഉള്ള വിശ്വാസം ഉണ്ടായിരുന്നില്ല. ദൈവദൂതൻ നിഷ്കർഷിച്ച 'യോഹന്നാൻ' എന്ന പേര് സക്കറിയ നിർദേശിച്ചതും അവന്റെ നാവിന്റെ കെട്ടുകൾ തുറക്കപെട്ടു...അവന്റെ നാവ് സ്വതന്ത്രമായി. അവൻ ദൈവത്തെ വാഴ്ത്തി സ്തുതിക്കുവാൻ തുടങ്ങി (ലൂക്കാ 1.64-65). തന്മൂലം അവനും അവിടെ കൂടിയിരുന്ന അയൽവാസികൾക്കും നാട്ടുകാർക്കും ദൈവത്തോടുള്ള വിശ്വസം ആഴപെടുവാൻ അത് കാരണമാകുകയും ചെയ്തു. ദൈവവചനത്തെ അവിശ്വസിച്ചപ്പോൾ നഷ്ടപെട്ട സംസാരശേഷി ദൈവവചന പൂര്ത്തികരണത്തിൽ തിരിച്ചു ലഭിക്കുകയാണ്. പലപ്പോളും ദൈവത്തോടുള്ള വിശ്വസകുറവ് ആണ് നമ്മളെ ദൈവത്തിന്റെ അനുഗ്രഹത്തിൽ നിന്നും നമ്മെ അകറ്റുന്നത്. നമ്മുടെ പിതാവിന്റെ സ്നേഹം സ്തുതിക്കുമ്പോൾ നമുക്ക് കൂടുതൽ അനുഗ്രഹങ്ങൾ ലഭിക്കും എന്നാ വസ്തുത നമുക്ക് മറക്കാതിരിക്കാം അവൻ നൽകുന്ന നന്മകൾക് നന്ദി പറയുവാനും മറക്കാതിരിക്കാം.

സ്ഥാപക യോഹന്നാനെ മാത്രം അല്ല മാനവ ലോകത്തിനു മുന്നിൽ കർത്താവിനു വഴി ഒരുക്കുവാൻ വിളിക്കപെട്ടത്. നമ്മളും യോഹന്നാനെ പോലെ ജീവിതമാകുന്ന സാക്ഷ്യത്തിലൂടെ നമ്മുടെ ഹൃദയങ്ങളിലേക്കും മറ്റുള്ളവരുടെ ഹൃദയങ്ങളിലേക്കും കർത്താവിനു കടന്നു ചെല്ലുന്നതിനു വേണ്ടി വഴി ഒരുക്കവാൻ വിളിക്കപെട്ടവർ

തന്നെ ആണ്. കർത്താവു നമുക്ക് നൽകുന്ന കരുണയും അതിനു നമ്മൾ തിരിച്ചു നല്കേണ്ട വിശ്വാസവും ആണ് അവിടെന്ന് നമ്മളിൽ നിന്നും പ്രതീക്ഷിക്കുന്നത്. അത് മൂലം നമ്മളും രക്ഷകന് വേണ്ടി വഴി ഒരുക്കുവാൻ വിളിക്കപെട്ട യോഹന്നന്മാർ ആയി തീരുന്നു.

Mr. Riyesh Jose Pulikkottil, Diocese of Palghat. – www.sundaypulpit.in